**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1015** **29-08-2022 - ൽ മറുപടിയ്ക്ക്**

**കാട്ടാന ആക്രമണം തടയുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാട്ടാന ആക്രമണത്തിൽ കഴിഞ്ഞ വർഷം മാത്രം ഏഴോളം പേർ മരണപ്പെട്ട പുതുക്കാട് മണ്ഡലത്തിലെ വരന്തരപ്പിള്ളി, മറ്റത്തൂർ എന്നീ പഞ്ചായത്തുകളിലെ പാലപ്പിള്ളി, എച്ചിപ്പാറ, കാരികുളം, ചൊക്കന തുടങ്ങിയ പ്രദേശങ്ങളിലെ വന്യജീവി ആക്രമണം തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുണ്ടോ; | (എ) | വന്യജീവി ആക്രമണം തടയുന്നതിനായി ജനജാഗ്രതാ സമിതി രൂപീകരിക്കുകയും യോഗങ്ങൾ നടത്തി പ്രശ്നപരിഹാരം നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു വരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും വന്യമൃഗസാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിമ്മിനി, ആനപ്പാന്തം തുടങ്ങിയ ഉൾവനങ്ങളിൽ നിന്നും ജനവാസമേഖലയിലേയ്ക്ക് കാട്ടാനകൾ എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി നായാട്ടുകുണ്ട്, ചൊക്കന, താളൂപ്പാടം ഇഞ്ചക്കുണ്ട് ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ്സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാട്ടാനകളുടെ നിരന്തര ആക്രമണം മൂലം ചിലയിടങ്ങളിൽ ടി ഫെൻസിങ്ങുകൾക്ക് കേട്ടപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപണികൾക്കുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിക്കോട്, ചീനക്കുന്ന് കോളനി ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് ടെൻഡർ ചെയ്തിട്ടുണ്ട്. കൂടാതെ പാലപ്പിള്ളി, എച്ചിപ്പാറ, കാരികുളം, ചൊക്കന തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചാലക്കുടി ഡിവിഷനിൽ റാപ്പിഡ് റെസ്പോൺസ് ടീം & വെറ്ററിനറി എമർജൻസി ടീം രൂപീകരിക്കുന്നതിന് നബാർഡിന്റെ ധന സഹായത്തിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| (ബി) | അടിയന്തര ഘട്ടങ്ങളിൽ സേവനം ഉറപ്പാക്കുന്നതിനായി റാപ്പിഡ് റെഡ്പോൺസ് ടീം ചാലക്കുടി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസിന് കീഴിൽ പാലപ്പിള്ളി കേന്ദ്രമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | വന്യജീവി ആക്രമണം തടയുന്നതിനായി ജനജാഗ്രതാ സമിതി രൂപീകരിക്കുകയും യോഗങ്ങൾ നടത്തി പ്രശ്നപരിഹാരം നടത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുകയും ചെയ്തു വരുന്നുണ്ട്. രാത്രികാല പട്രോളിംഗ് ശക്തിപ്പെടുത്തിയും വന്യമൃഗസാന്നിദ്ധ്യം അറിഞ്ഞാൽ എസ്.എം.എസ്. |

| | | | |
|---|---|---|---|
| | | | അലർട്ട് സിസ്റ്റം വഴി ജനങ്ങൾക്ക് ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും, വന്യജീവി ആക്രമണം ലഘൂകരിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ചിമ്മിനി, ആനപ്പാന്തം തുടങ്ങിയ ഉൾവനങ്ങളിൽ നിന്നും ജനവാസമേഖലയിലേയ്ക്ക് കാട്ടാനകൾ എത്തുന്ന സാഹചര്യം ഒഴിവാക്കുന്നതിനായി നായാട്ടുകുണ്ട്, ചൊക്കന, താളൂപ്പാടം ഇഞ്ചക്കുണ്ട് ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ്സ്ഥാപിച്ചിട്ടുണ്ടെങ്കിലും കാട്ടാനകളുടെ നിരന്തര ആക്രമണം മൂലം ചിലയിടങ്ങളിൽ ടി ഫെൻസിങ്ങുകൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ആയതിന്റെ അറ്റകുറ്റപണികൾക്കുള്ള ടെൻഡർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എലിക്കോട്, ചീനക്കുന്ന് കോളനി ഭാഗങ്ങളിൽ സോളാർ ഫെൻസിംഗ് നടത്തുന്നതിന് ടെൻഡർ ചെയ്തിട്ടുണ്ട്. കൂടാതെ പാലപ്പിള്ളി, എച്ചിപ്പാറ, കാരികുളം, ചൊക്കന തുടങ്ങിയ പ്രദേശങ്ങൾ ഉൾപ്പെടുന്ന ചാലക്കുടി ഡിവിഷനിൽ റാപ്പിഡ് റെസ്പോൺസ് ടീം & വെറ്ററിനറി എമർജൻസി ടീം രൂപീകരിക്കുന്നതിന് നബാർഡിന്റെ ധന സഹായത്തിനായി 5 കോടി രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ